പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1387

20.01.2014 -ൽ മറുപടിയ്ക്ക്

## ഉപഭോക്തൃ ഫോറത്തിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. സംസ്ഥാനത്ത് 14 ജില്ലകളിലും ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ തിരുവനന്തപുരത്ത് ഉപഭോക്തൃതർക്കപരിഹാര കമ്മീഷനും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഫോറത്തിന്റെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകാമോ ; | (ബി) ഉപഭോക്താക്കളുടെ താല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കി നടപ്പാക്കിയിട്ടുള്ള 1986 ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്റ്റിന്റെ അടിസ്ഥാനത്തിലാണ് ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളും ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും പ്രവർത്തിക്കുന്നത്. ഉപഭോക്താവ് വഞ്ചിതരായാൽ അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് ടി ഫോറങ്ങൾ സഹായിക്കുന്നു. 20 ലക്ഷം രൂപ വരെയുള്ള നഷ്ടപരിഹാരത്തിനായി ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലും 20 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും 1 കോടി രൂപക്ക് മുകളിൽ നഷ്ടപരിഹാരത്തിനായി ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും പരാതി സമർപ്പിക്കാവുന്നതാണ്. |

| | |
|---|---|
| (സി) ഉപഭോക്തൃ ഫോറങ്ങൾ പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (സി) പ്രസിഡന്റുമാരുടേയും അംഗങ്ങളുടേയും നിയമന കാലാവധി കഴിയുന്ന മുറയ്ക്ക് വരുന്ന ഒഴിവുകൾ നികത്തുകയാണ് ചെയ്യുന്നത്. 5 വർഷം തികയുന്നതോ അല്ലെങ്കിൽ 65 വയസ്സ് പൂർത്തിയാകുന്നതോ ഏതാണോ ആദ്യം എന്നതാണ് നിയമന കാലാവധി. പത്തനംതിട്ട ജില്ലാ ഫോറത്തിലെ ഒരു അംഗത്തിന്റെ ഒഴിവ് ഒഴികെ മറ്റെല്ലാ ജില്ലകളിലേയും ഒഴിവുകൾ നികത്തിയിട്ടുണ്ട്. |
| (ഡി) ഇത്തരം ഫോറങ്ങൾ പ്രാദേശികമായി പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;വിശദാംശങ്ങൾ നൽകാമോ ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ